# മലിനമാകാത്ത ഉടുപ്പ്

വെളിപ്പാട് 3:4-5

"എങ്കിലും ഉടുപ്പ് മലിനമാകാത്ത കുറെപേർ സർദ്ദിസിൽ നിനക്കുണ്ട്. അവർ യോഗ്യന്മാരാകയാൽ വെള്ള ധരിച്ചും കൊണ്ട് എന്നോടുകൂടെ നടക്കും. ജയിക്കുന്നവൻ വെള്ളയുടുപ്പ് ധരിക്കും."

രണ്ടു വിധത്തിലുള്ള ഉടുപ്പുകൾ ധരിക്കുന്നതിനെപ്പറ്റി ഈ വാക്യങ്ങളിലൂടെ കടന്നു പോകുമ്പോൾ നമുക്ക് മനസ്സിലാകുമല്ലോ. ഒന്ന് 'മലിനമാകാത്ത ഉടുപ്പ്', രണ്ടാമത് 'വെള്ളയുടുപ്പ്'. ജീവനുള്ളവൻ എന്ന് പേര് ഉണ്ടെങ്കിലും മരിച്ചവനാകുന്നു എന്ന് കർത്താവ് ആരോപിക്കുന്ന സർദ്ദിസ് സഭയിലെ ഒരു കൂട്ടം ആളുകളുടെ വിശേഷതയാണ് നാം കണ്ടത്. ഓരോ ദൈവപൈതലിന്റെയും ഈ ലോകത്തിലുള്ള ജീവിതം എങ്ങനെയായിരിക്കണം എന്ന വലിയ ചിത്രമാണ് നമുക്ക് ലഭിക്കുന്നത്.

കർത്താവിന്റെ കൂടെയുള്ള നിത്യമായ വാസത്തിന് ഒരുങ്ങുന്ന അഥവാ ഒരുങ്ങിക്കൊണ്ടിരിക്കുന്ന ഒരു ജീവിതമാണല്ലോ ഒരു വിശ്വാസിയുടേത്. ജീവനില്ലാത്തതായ ഒരു കൂട്ടത്തിലും, ജീവന്റെ തുടിപ്പ് കർത്താവ് കണ്ടെത്തി. അവിടെ ഒരു ചൈതന്യം തുടിച്ചു, സൗന്ദര്യം പരന്നു, അതെ, അത് മലിനമാകാത്ത വസ്ത്രം ആയിരുന്നു, കാരണം അവർ കർത്താവിന്റെ കൂടെ നടക്കുന്ന അനുഭവം ഉള്ളവരായിരുന്നു. യോഗ്യന്മാരായിരുന്നു.

വെള്ളയുടുപ്പ്, പ്രിയരേ, ഒരു സാക്ഷ്യജീവിതത്തെയും, വിശുദ്ധജീവിതത്തെയും ഇവിടെ കാണിക്കുന്നു. വിളിച്ചു വേർതിരിക്കപ്പെട്ട ഗണത്തിനുള്ളിൽ ദൈവിക സാക്ഷ്യവും, ജീവിത വിശുദ്ധിയും വെളിപ്പെടുത്തി ജീവിക്കുക എന്നതാണ് ദൈവികഹിതം. ഇന്ന് ആത്മീയഗോളത്തിൽ പോലും പലതും നമ്മെ വിശ്വാസത്തിൽ നിന്ന് പിൻതിരിപ്പിക്കുവാൻ ഉള്ളതായ ഒരു ലോകത്തിലാണല്ലോ നാം. എന്നാൽ അതിന്റെ നടുവിലും ജീവനുള്ളവർ ആയിരിപ്പാൻ നമുക്ക് ശ്രമിക്കാം. നാം ആയിരിക്കുന്ന പരിതസ്ഥിതിയോ, നമുക്കു ചുറ്റും കാണുന്നതോ അല്ല ജീവിതത്തെ നിയന്ത്രിക്കേണ്ടത്, വ്യക്തിപരമായി യേശുവുമായുള്ള ഒരു ആസ്വാദകരമായ ജീവിതം നയിക്കുന്നവരാകണം. അവരെ യോഗ്യന്മാരായി അവൻ എണ്ണും എന്ന വലിയ ഉറപ്പ് നമുക്ക് ഇവിടെ ലഭിക്കുന്നു.

അല്പമേ ശേഷി ഉള്ളു എന്നിരിക്കട്ടെ, എന്നാലും ദൈവമക്കൾ ബലഹീനരല്ല, അശക്തരല്ല, പരാജിതരല്ല, ജീവിതത്തിന്റെ ഏതനുഭവത്തിലും ദൈവവചനം കാക്കുവാനുള്ള യോഗ്യതയാണ് പ്രധാനം. അതേ നാം ധരിച്ചിരിക്കുന്നത് നീതിമാനായ

ക്രിസ്തുവാകുന്ന ഉടുപ്പാണ്. അവനെ ജീവിതത്തിലൂടെ വെളിപ്പെടുത്താം. ഇന്നത്തെ ലോകത്തിൽ വിശുദ്ധജീവിതം നയിക്കുന്നവൻ ഭോഷനും മൂഢനും ആകുന്നു. ജീവിതം ആസ്വദിക്കാൻ അറിയാത്തവൻ ആകുന്നു. എന്നാൽ ലോകത്തെ ആസ്വദിക്കുന്നവൻ എന്നേയ്ക്കുമായി പരാജയപ്പെടുന്നു എന്ന യാഥാർത്ഥ്യം തിരിച്ചറിയുന്നില്ല.

നമ്മെ അവൻ ജയിക്കാൻ വിളിച്ചവനാകുന്നു. ജയിച്ചവൻ ഒരുക്കി വെച്ചിരിക്കുന്ന വെള്ളയുടുപ്പ് ഏറ്റുവാങ്ങണം. അതിനായി ദാനമായി തന്ന ലോകജീവിതം സാക്ഷ്യമുള്ളതായി, വിശുദ്ധിയോടെ കാത്തു സൂക്ഷിക്കാൻ കർത്താവ് സഹായിക്കട്ടെ. ക്രിസ്തുവിനോടു കൂടെ മലിനമാകാത്ത ഉടുപ്പ് ധരിച്ചുകൊണ്ട് എന്നേക്കും നടക്കുവാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കാം. ഓരോ നിമിഷവും ഉടുപ്പ് കറ പിടിക്കാതെ, അവ തിരിച്ചറിഞ്ഞ്, കഴുകലോടെ, അനുതാപത്തോടെ അവന്റെ സന്നിധിയിൽ താഴ്ന്നു ജീവിക്കാൻ ഏവർക്കും ഇടയാകട്ടെ.

**പരാമർശം :**

**സഭാപ്രസംഗി 9:8**

നിന്റെ വസ്ത്രം എല്ലായ്പ്പോഴും വെള്ളയായിരിക്കട്ടെ; നിന്റെ തലയിൽ എണ്ണ കുറയാതിരിക്കട്ടെ.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 047**